സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് പുനഃസ്ഥാപിക്കും: മന്ത്രി

ആറ്റിങ്ങൽ സബ് ഡിവിഷൻ എസ്പിസി പാസിങ് ഔട്ട് പരേഡിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി സല്യൂട്ട് സ്വീകരിക്കുന്നു

ആറ്റിങ്ങൽ

സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് പുനഃസ്ഥാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ആറ്റിങ്ങൽ സബ് ഡിവിഷൻ എസ്പിസി പാസിങ് ഔട്ട് പരേഡിൽ സല്യൂട്ട് സ്വീകരിക്കുകയായിരുന്നു മന്ത്രി. ലഹരിവിരുദ്ധ പോരാട്ടത്തിൽ മുൻനിരയിൽ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുണ്ടാകണമെന്നും ഈ വർഷംമുതൽ കേഡറ്റുകളുടെ ഗ്രേസ് മാർക്ക് പുനഃസ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു.

ആറ്റിങ്ങൽ ഗവ. കോളേജ് മൈതാനത്ത് 12 പ്ലറ്റൂണിലായി 264 വിദ്യാർഥികളാണ് പരേഡിൽ അണിനിരന്നത്. ഗവ. ഗേൾസ് എച്ച്എസ്എസ് ആറ്റിങ്ങൽ, മോഡൽ ബോയ്സ് എച്ച്എസ്എസ് ആറ്റിങ്ങൽ, ഗവ. എച്ച്എസ് അവനവഞ്ചേരി, ഗവ. എച്ച്എസ്എസ് ഇളമ്പ, ഗവ. എച്ച്എസ്എസ് തോന്നയ്ക്കൽ, ഗവ. എച്ച്എസ്എസ് വെഞ്ഞാറമൂട് എന്നീ സ്കൂളുകളിലെ വിദ്യാർഥികളാണ് പരിശീലനം പൂർത്തിയാക്കിയത്. വെഞ്ഞാറമൂട് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ബിസ്മു സുൽത്താനയും ഇളമ്പ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഗോകുൽ വിനോദും പരേഡ് നയിച്ചു. മികച്ച പ്ലറ്റൂണുകൾക്കുള്ള പുരസ്കാരം മന്ത്രി വിതരണം ചെയ്തു.

മന്ത്രി വീണയെ അഭിനന്ദിച്ച് മോൻസ് ജോസഫ്

കോട്ടയം

ആരോഗ്യമന്ത്രി വീണാ ജോർജിനെ അഭിനന്ദിച്ച് മോൻസ് ജോസഫ് എംഎൽഎ. പൊതുജനാരോഗ്യ ബിൽ യാഥാർഥ്യമാക്കിയതിനാണ് അഭിനന്ദിച്ചത്.

കേരളത്തിന്റെ ആരോഗ്യ മേഖലയിലെ സുപ്രധാനമായ ചുവടുവയ്പാണ് പൊതുജനാരോഗ്യ ബില്ലെന്ന് എംഎൽഎ പറഞ്ഞു. സെലക്ട് കമ്മിറ്റിയംഗം കൂടിയായിരുന്നു താൻ. തന്റേയും മറ്റ് സെലക്ട് കമ്മിറ്റി അംഗങ്ങളുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് ബിൽ യാഥാർഥ്യമാക്കിയതിൽ ഏറെ സന്തോഷമുണ്ടെന്നും മോൻസ് ജോസഫ് പറഞ്ഞു. പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ആർത്രോസ്കോപ്പി സ്കിൽ ലാബിന്റെ ഉദ്ഘാടന ചടങ്ങിനിടെയാണ് മന്ത്രിയെ മോൻസ് ജോസഫ് അഭിനന്ദിച്ചത്.

അടിയിൽ തീർന്ന് യൂത്ത് കോൺ. കോട്ടയം ജില്ലാസമ്മേളനം

സ്വന്തം ലേഖകൻ

കോട്ടയം

പ്രവർത്തകർ തമ്മിൽത്തല്ലിയതോടെ യൂത്ത് കോൺഗ്രസ് ജില്ലാ സമ്മേളനം പൂർത്തിയാക്കാനാകാതെ പിരിഞ്ഞു. ശനിയാഴ്ച വൈകിട്ട് നടന്ന പൊതുസമ്മേളനത്തിൽ പ്രവർത്തകർ ചേരിതിരിഞ്ഞ് ഏറ്റുമുട്ടിയിരുന്നു. ഇതോടെ ഞായറാഴ്ച നടത്താനിരുന്ന പരിപാടികൾ റദ്ദാക്കി. സംസ്ഥാന നേതൃത്വം ഇടപെട്ടെങ്കിലും പ്രയോജനമുണ്ടായില്ല. ഡിസിസി പ്രസിഡന്റ് നാട്ടകം സുരേഷിനെ അനുകൂലിക്കുന്നവരും യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ചിന്റു കുര്യൻ ജോയിക്കൊപ്പം നിൽക്കുന്നവരും തമ്മിലുള്ള പോര് പാരമ്യത്തിലായത് കോൺഗ്രസിന് വലിയ തലവേദനയായി.

സമ്മേളന നടപടികൾ റദ്ദാക്കി

ജില്ലാ സമ്മേളന ഭാഗമായി ശനിയാഴ്ച നടത്തിയ പൊതുസമ്മേളനത്തിൽ നാട്ടകം സുരേഷിനെ ക്ഷണിച്ചിരുന്നില്ല. എന്നാൽ, സുരേഷ് സമ്മേളനത്തിലേക്ക് കടന്നുവന്ന് വേദിയിൽ കയറിയിരിക്കുകയായിരുന്നു. ഈ സമയത്ത് ചിന്റു കുര്യൻ ജോയി നാട്ടകം സുരേഷിനെ 'ഇരുട്ടിന്റെ മറവിൽ വന്നയാൾ' എന്ന് മൈക്കിലൂടെ വിശേഷിപ്പിച്ചതോടെയാണ് അടി തുടങ്ങിയത്. ചേരിതിരിഞ്ഞുള്ള ആക്രമണം കടുത്തതോടെ ഞായറാഴ്ച ഒരു പരിപാടിയും നടത്താനാകാത്ത സ്ഥിതിയിലേക്ക് എത്തുകയായിരുന്നു. ഇരുനൂറോളം പേർക്കുള്ള ഭക്ഷണംപോലും തയ്യാറാക്കിയിരുന്നു.

അതേസമയം ഞായറാഴ്ചത്തെ പരിപാടിയിലേക്ക് ഡിസിസി പ്രസിഡന്റിനെ ക്ഷണിച്ചിരുന്നെന്നും പ്രസിഡന്റ് പൊതുസമ്മേളനത്തിൽ കയറിവന്ന് മനഃപൂർവം പ്രശ്നം സൃഷ്ടിക്കുകയായിരുന്നെന്നും ഒരുവിഭാഗം പറയുന്നു. എന്നാൽ ഡിസിസി പ്രസിഡന്റിനെ അപമാനിക്കുന്ന തരത്തിൽ പ്രസംഗിച്ചതാണ് പ്രശ്നങ്ങൾക്കിടയാക്കിയതെന്നാണ് അദ്ദേഹത്തിന്റെ അനുകൂലികളുടെ വാദം. വിഷയം പാർടിവേദിയിൽ ഉന്നയിക്കാനുള്ള ഒരുക്കത്തിലാണ് നാട്ടകം സുരേഷ്.

ജനകീയ ബാങ്കിങ് സംരക്ഷണജാഥകൾക്ക് സമാപനം

കൊച്ചി

ജനകീയ ബാങ്കിങ് സംരക്ഷണജാഥകളുടെ സമാപനം കെ ചന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്യുന്നു

ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ മുന്നുമുതൽ 13 വരെ സംഘടിപ്പിച്ച ജനകീയ ബാങ്കിങ് സംരക്ഷണജാഥയ്ക്ക് എറണാകുളത്ത് സമാപനമായി. 10 ദിവസത്തെ പര്യടനം പൂർത്തിയാക്കി വടക്കൻ, തെക്കൻ മേഖലാജാഥകൾ എറണാകുളത്ത് സംഗമിച്ചു. ബാങ്ക് ജീവനക്കാരും കുടുംബാംഗങ്ങളും പങ്കെടുത്ത റാലിയും സമാപന സമ്മേളനത്തിനുമുന്നോടിയായി നടന്നു. ടൗൺഹാളിൽ ചേർന്ന പൊതുസമ്മേളനം സിഐടിയു അഖിലേന്ത്യാ സെക്രട്ടറി കെ ചന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്തു. ബാങ്കിങ് മേഖലയുടെ സംരക്ഷണത്തിന് ജനപങ്കാളിത്തം അനിവാര്യമാണെന്ന തിരിച്ചറിവാണ് ജാഥയുടെ വിജയമെന്ന് അദ്ദേഹം പറഞ്ഞു.

ബെഫി ദേശീയ ജനറൽ സെക്രട്ടറി ദേബാശിഷ് ബസു ചൗധരി മുഖ്യപ്രഭാഷണം നടത്തി. പ്രസിഡന്റ് സി ജെ നന്ദകുമാർ അധ്യക്ഷനായി. സിഐടിയു ജില്ലാ സെക്രട്ടറി പി ആർ മുരളീധരൻ, സംസ്ഥാന കമ്മിറ്റി അംഗം കെ അലി അക്ബർ, ജാഥാ ക്യാപ്റ്റൻമാരായിരുന്ന ബെഫി സംസ്ഥാന പ്രസിഡന്റ് ഷാജു ആന്റണി, ജനറൽ സെക്രട്ടറി എൻ സനിൽ ബാബു, അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി സി രാജീവൻ, അഖിലേന്ത്യാ വനിതാ കൺവീനർ കെ കെ രാജിതമോൾ, സംസ്ഥാന വനിതാ കൺവീനർ കെ എസ് രമ, ജാഥാ വൈസ് ക്യാപ്റ്റൻമാരായ പി എച്ച് വിനീത, സി മിഥുൻ, ജാഥാ മാനേജർമാരായ കെ പി ഷാ, എസ് ബി എസ് പ്രശാന്ത് എന്നിവരും പങ്കെടുത്തു.

കെഎസ്ഇഎ സുവർണ ജൂബിലി സമ്മേളനം

പതാക കൊടിമര ജാഥകൾ ഇന്ന്

- സംസ്ഥാന കൗൺസിൽ നാളെ
- 17ന് മുഖ്യമന്ത്രി സമ്മേളനം ഉദ്ഘാടനം ചെയ്യും

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളനത്തിന്റെ ഭാഗമായി പതാക കൊടിമര ജാഥകൾ തിങ്കളാഴ്ച സംഘടിപ്പിക്കും. കൊടിമരജാഥ സ്ഥാപക പ്രസിഡന്റായ സി ജെ ജോസഫിന്റെ കണ്ണാശുപത്രിക്ക് സമീപമുള്ള വസതിയിൽനിന്ന് പകൽ മൂന്നിന് പുറപ്പെടും. വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്യും. അസോസിയേഷൻ സെക്രട്ടറി നാഞ്ചല്ലൂർ ശശികുമാർ നയിക്കും.

പതാകജാഥ വൈകിട്ട് നാലിന് മുൻ ജനറൽ സെക്രട്ടറി പി വിശ്വംഭരന്റെ ബേക്കറി ജങ്ഷന് സമീപത്തെ വസതിയിൽനിന്ന് പുറപ്പെടും. ജി സ്റ്റീഫൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി നിഷാ ജാസ്മിൻ പതാകജാഥ നയിക്കും.

ഇരുജാഥകളും സമ്മേളന നഗരിയായ എ കെ ജി ഹാളിനുസമീപം വൈകിട്ട് അഞ്ചിന് സംഗമിക്കും. തുടർന്ന് അസോസിയേഷൻ പ്രസിഡന്റ് പി ഹണി പതാക ഉയർത്തും.

ചൊവ്വ രാവിലെ 10ന് അസോസിയേഷൻ സംസ്ഥാന കൗൺസിൽ എ കെ ജി ഹാളിൽ ആരംഭിക്കും. ജനറൽ സെക്രട്ടറി കെ എൻ അശോക് കുമാർ ഉദ്ഘാടനം ചെയ്ത് റിപ്പോർട്ട് അവതരിപ്പിക്കും. ട്രഷറർ കല്ലുവിള അജിത്ത് കണക്ക് അവതരിപ്പിക്കും.

ബുധൻ രാവിലെ 10.30ന് സെക്രട്ടറിയറ്റിൽനിന്ന് പ്രകടനം (ക്യാന്റീൻ പരിസരം) ആരംഭിക്കും. 11.30ന് എ കെ ജി ഹാളിൽ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷനാകും. സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി യടക്കമുള്ള നേതാക്കൾ സമ്മേളനത്തെ അഭിവാദ്യം ചെയ്യും. പകൽ രണ്ടിന് രചന ഗായകസംഘത്തിന്റെ ഗാനാവതരണവും നാടകവും തുടർന്ന് ഷിയോൺ സജിയുടെ മ്യൂസിക് ലൈവും അരങ്ങേറും.

പകൽ മൂന്നിന് കുടുംബസമാഗമം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. സുരേന്ദ്രൻ സ്മാരക സാഹിത്യ പുരസ്കാരം, ടാലന്റ് ടൈം, സ്പോർട്സ് മത്സരങ്ങളുടെ എന്നിവയുടെ സമ്മാനങ്ങളും വിതരണം ചെയ്യും. വൈകിട്ട് അഞ്ചിന് കണ്ണൂർ ബിറ്റ് സിന്റെ ഗാനമേള.

ആദിവാസി ക്ഷേമസമിതി സംസ്ഥാന ജാഥയ്ക്ക് ഇരുമ്പുപാലത്ത് നൽകിയ സ്വീകരണം

ജാഥകൾ സംഗമിച്ചു

കേന്ദ്ര അവഗണനയ്ക്കെതിരെ എകെഎസ് ജാഥ

അടിമാലി

ആദിവാസികളോടുള്ള കേന്ദ്ര സർക്കാരിന്റെ അവഗണന അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ആദിവാസി ക്ഷേമസമിതി സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന വാഹനപ്രചാരണ ജാഥയ്ക്ക് ഇടുക്കി ജില്ലയിൽ ഉജ്വല വരവേൽപ്പ്. രാജ്യത്തെ ദളിത് ആദിവാസി പീഡനം അവസാനിപ്പിക്കുക, ഭൂരഹിതരായവർക്ക് ഭൂമി നൽകുക, വനാവകാശ രേഖ ലഭിച്ച ഭൂമിക്കും ആദിവാസികളുടെ കൈവശഭൂമിക്കും പട്ടയം അനുവദിക്കുക, ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ജാഥ.

വടക്കൻമേഖല ജാഥയും തെക്കൻമേഖലാ ജാഥയും അങ്കമാലിയിൽ സംഗമിച്ചു. ഞായറാഴ്ച വാദ്യമേളങ്ങളുടെയും തനത് ആദിവാസി ഗോത്രകലാരൂപങ്ങളുടെയും അകമ്പടിയോടെയാണ് വടക്കൻമേഖല ജാഥാ ക്യാപ്റ്റൻ എകെഎസ് സംസ്ഥാന പ്രസിഡന്റ് ഒ ആർ കേളുവിനെ ഇരുമ്പുപാലത്ത് സ്വീകരിച്ചത്. തെക്കൻമേഖല ജാഥ ക്യാപ്റ്റൻ ബി വിദ്യാധരൻ കാണിക്കും സ്വീകരണംനൽകി.

ജില്ലാ പ്രസിഡന്റ് സി രാജേന്ദ്രൻ അധ്യക്ഷനായി. ജാഥാ അംഗങ്ങൾക്കുപുറമേ സംസ്ഥാന പട്ടികജാതി–വർഗ കമീഷൻ അംഗം അഡ്വ. സൗമ്യ സോമൻ, ചാണ്ടി പി അലക്സാണ്ടർ, കെ യു ബിനു, കെ എ ബാബു, എം ആർ ദീപു, ഗോപി രാമൻ, എം പി അലിയാർ എന്നിവർ സംസാരിച്ചു.

തുടർന്ന് പൂപ്പാറയിലെത്തിയ ജാഥയ്ക്ക് സിപിഐ എം ഏരിയ സെക്രട്ടറി എൻ പി സുനിൽകുമാർ, ജില്ലാ കമ്മിറ്റി അംഗം വി വി ഷാജി തുടങ്ങിയവർ മാലയിട്ട് സ്വീകരിച്ചു. തിങ്കളാഴ്ച ഉപ്പുതറയിലും കുമളിയിലും വൈകിട്ട് കോട്ടയം ജില്ലയിൽ മുണ്ടക്കയത്തുമാണ് സ്വീകരണം.